11. Mr. P. K. Krishnan Sastri
12. Mr. C. Narayanan.
13. Mr. Mohammed Mustafa.
14. Mr. Varghese Augustin.

MR. PRESIDENT : മി. കേശവൻ നാമനിർദ്ദേശം ചെയ്തിട്ടുള്ള ബഹുമാനപ്പെട്ട മെമ്പറന്മാരെ സെലക്ട് കമ്മിറ്റി അംഗങ്ങളായി നിയമിക്കുന്നതിൽ ഈ സഭക്കു യാതൊരു അഭിപ്രായവ്യത്യാസവും ഇല്ലെന്നു കണ്ടിരിക്കുന്നതിനാൽ ഗതു അനുവദിച്ചിരിക്കുന്നു. അതിന്റെ കോറം അഞ്ചായിരിക്കുമെന്നുള്ളതും കൂടി ഈ സഭ സമ്മതിക്കുന്നു എന്ന് വിശ്വസിക്കുന്നു.

## THE TRAVANCORE CRIMINAL PROCEDURE CODE (AMENDMENT) BILL

അടുത്തതായി ക്രിമിനൽ പ്രൊസീഡിയർ കോഡ് ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനായി ഞാൻ മി. താണുപിള്ളയെ ക്ഷണിച്ചുകൊള്ളുന്നു.

HON'BLE. MR. A. THANU PILLAI : ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്ന ഈ ബില്ലിന്റെ ഉദ്ദേശം ക്രിമിനൽ പ്രൊസീഡിയർ കോഡിൽ ചില ഭേദഗതികൾ വരുത്തുന്നതിലേക്കാണ്. അതായതു, യൂറോപ്യൻ ബ്രിട്ടിഷ് പ്രജകളെ കേസുകളിൽ വിസ്തരിക്കുന്നതു ചില പ്രത്യേക വ്യവസ്ഥയനുസരിച്ചായിരുന്നു. അവരെ വിസ്തരിക്കുന്നതും, അവരുടെ അപ്പീൽ കേൾക്കുന്നതും മറ്റും ഒരു സ്പെഷ്യൽ യൂറോപ്യൻ മജിസ്ട്രേട്ടാണ്. കഴിഞ്ഞ ആഗസ്റ്റ് ൧൫-ാംനു- മുതൽ രാഷ്ട്രീയമായി സ്ഥിതിഗതികൾ മാറിയിരിക്കുന്നതുകൊണ്ടു ഈ രീതി തുടർന്നുകൊണ്ടു പോകേണ്ട ആവശ്യമില്ലാത്തതിനാൽ, ക്രിമിനൽ പ്രൊസീഡിയർ കോഡിൽ ചില ഭേദഗതികൾ വരുത്തേണ്ടതായിരിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടി അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ സഭ അനുകൂലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. K. R. ELANKATH : പ്രൈം മിനിസ്റ്റർ ഇവിടെ അവതരിപ്പിച്ച ബില്ലിനെ ശക്തിയായി പിൻതാങ്ങിക്കൊണ്ടു ഒരു വാക്കു പറഞ്ഞുകൊള്ളുന്നു. ആഗസ്റ്റു ൧൫-ാംനു-ക്കു മുമ്പുതന്നെ ഈ നിയമം നടപ്പിൽ വരുത്താമായിരുന്നു. അതു, ഇതു ഒരു പ്രത്യേകാവകാശമെന്നുള്ള നിലയിൽ മാത്രമല്ല അങ്ങനെയുള്ള നടപടികൊണ്ടു വളരെ കേസുകൾക്കു കാലതാമസം നേരിടുന്നതുണ്ട്. അതിനാൽ അങ്ങനെയുള്ള വൈഷമ്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളെ നീക്കുന്നതിനു മാത്രമാണ് ഈ ബിൽ കൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. സാധാരണ മറ്റു കാര്യങ്ങൾക്കുള്ള നടപടികൾ തന്നെ അതായതു് സെലക്ട് കമ്മറിക്കയയ്ക്കുക മുതലായവ ഇതിനെ സംബന്ധിച്ചിടത്തോളം ആവശ്യമില്ല. കഴിയുന്നതും വേഗത്തിൽ ഇതു നിയമമാക്കാൻ അദ്ധ്യർത്ഥിച്ചുകൊള്ളുന്നു.

MR. PRESIDENT : ബിൽ അംഗീകരിക്കണമെന്നും അതു ഒരു സെലക്ട കമ്മറിക്കയയ്ക്കണമെന്നും ഉള്ളിതു .....

HON'BLE MR. A. THANU PILLAI : സെലക്ട് കമ്മറിയിലേക്കയയ്ക്കണമെന്നു ഞാൻ മൂവ് ചെയ്യുന്നില്ല.

MR. P. S. NATARAJA PILLAI: This is only the introduction stage and it may be moved for consideration by the Select Committee later on.

HON'BLE. MR. A. THANU PILLAI : അതേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ വേണമെന്നുണ്ടെങ്കിൽ സെക്കൻഡ് റീഡിങ്ങിലോ തേഡ് റീഡിങ്ങിലോ സെലക്ട് കമ്മറിക്കു അയയ്ക്കാമല്ലോ.

MR. D. GNANASIGAMONI : I think this bill ought to be referred to a Select Committee for the following reasons. From the statement made by the Honourable Premier it would seem that these provisions, namely sections 365 to 376 are the only provisions relating to European British subjects. Sir, you will find that under Chapter 8, the proceedings relating to them are contemplated in Section 107 also. I will read that Section; 'The provisions of Sections 105 and 106 do not apply to European British subjects who may be reported as vagrants by Our Government or by any Special Magistrate who may be empowered by Us in this behalf. So that if, as the Honourable Premier pointed out, it is intended to take away all such distinctions, this section must also go. This amendment bill makes no provision for it. Section 4 (i) (e) relates to the definition of a British subject, and when that section goes, it is expedient, all the sections relating to these people must go.

There are also other references relating to them, Section 392 for example. In order, therefore to make the amendment bill comprehensive, I submit that the matter must go to a Select Committee.

HONOURABLE MR. A. THANU PILLAI: The definition itself goes. Anyway I have no objection in referring to a Select Committee.

MR. PRESIDENT : ഇതു് സെലക്ട് കമ്മറിയിലേക്കു് അയയ്ക്കുന്നതിൽ സഭ യോജിക്കുമെന്നു വിശ്വസിക്കുന്നു.

(സഭ അനുകൂലിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. THANU PILLAI : താഴെ പറയുന്ന അംഗങ്ങൾ സെലക്ററ് കമ്മറ്റിയിൽ ഉൾപ്പെട്ടുന്നതാണ്.

1. Hon'ble Mr. A. Thanu Pillai.
2. Mr. D. Gnanasigamoni.
3. Mr. V. O. Markos.
4. Mr. T. K. Narayana Pillai.
5. Mr. T. A. Abdulla.
6. Mr. A. P. Udayabhanu

ഇതിന്റെ കോറം മൂന്നായിരിക്കുന്നതാണ്..

MR. PRESIDENT : സെലക്ററ് കമ്മറ്റിയിലേക്കുള്ള അംഗങ്ങളുടെ പേരുവിവരം ലിസ്റ്റും കോറം മൂന്ന് എന്നുള്ളതും സഭ അംഗീകരിച്ചതായി വിശ്വസിക്കുന്നു.

(സഭ അനുകൂലിച്ചു.)

## THE TRAVANCORE FATAL ACCIDENTS AMENDMENT BILL.

MR. PRESIDENT : Travancore Fatal Accident (Amendments) Bill അവതരിപ്പിക്കുന്നതിന് പ്രൊ മിനിസ്റ്റർ മി. താണുപിള്ളയെ ക്ഷണിച്ചു കൊള്ളുന്നു.

HON'BLE MR. A. THANU PILLAI : സർ, നമ്മുടെ നിയമപ്രകാരം കോടതി മറ്റൊരാളിന്റെ കാരണം മൂലം മൂതി അടയുന്നതായിട്ട് ക്രിമിനലായിട്ടുള്ള കേസുകളിൽ അയാളെ ശിക്ഷിക്കുന്നതിനു നിയമമുണ്ടെങ്കിലും സിവിലായിട്ടുള്ള നഷ്ടപരിഹാരം സംബന്ധിച്ചിടത്തോളം നിയമം അപര്യാപ്തമായിട്ടാണിരിക്കുന്നത്. ഇതു സംബന്ധമായി ശരിയായ നിയമം ഗ്രേറ്റ് ബ്രിട്ടണിലും ഇൻഡ്യയിലും മാത്രമേ ഉണ്ടായിട്ടുള്ളൂ. അങ്ങനെയുള്ള കേസുകളിൽ അങ്ങനെ മൂതിയടഞ്ഞ ആളുകൾക്കു നഷ്ടപരിഹാരം ലഭിക്കുന്നതിനു തക്കവണ്ണം ഉള്ള വ്യവസ്ഥ ഉണ്ടാക്കുകയാണ് ഈ ബില്ലിന്റെ ഉദ്ദേശം.

ഈ ബിൽ സഭ അംഗീകരിക്കുകയും ഇതു് ഒരു സെലക്ററ് കമ്മറ്റിയിലേക്ക് അയയ്ക്കുന്നതിനോടു് സഭ യോജിക്കുകയും ചെയ്യണമെന്ന അഭ്യർത്ഥനയോടുകൂടി ഈ ബിൽ അവതരിപ്പിക്കുന്നു.

MR. PRESIDENT : ഈ ബിൽ സഭ അംഗീകരിക്കുകയും അതു ഒരു സെലക്ററ് കമ്മറ്റിയിലേക്കയക്കണമെന്നുള്ള അഭിപ്രായത്തോടു യോജിക്കുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

(സഭ അനുകൂലിച്ചു.)

HON'BLE MR. A. THANU PILLAI : താഴെ പറയുന്ന അംഗങ്ങൾ സെലക്ററ്കമ്മറ്റിയിൽ ഉൾപ്പെട്ടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly